

Mathrubhumi
മാതൃഭൂമി

# കെ.എസ്.ഇ.ബിയിൽ കൺസൾട്ടൻസി; എതിർത്ത് സംഘടനകൾ

**തിരുവനന്തപുരം ▸** കെ.എസ്.ഇ.ബിയിൽ സ്വകാര്യ പങ്കാളിത്തത്തോടെ പദ്ധതികൾ നടപ്പാക്കാൻ കൺസൾട്ടൻസിയെ നിയോഗിച്ചത് വിവാദത്തിൽ. കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർക്ക് തന്നെ ചെയ്യാവുന്ന ജോലികൾ വൻതുക പ്രതിഫലം നൽകി പുറം കരാർ നൽകുന്നുവെന്നാണ് ജീവനക്കാരുടെ ആരോപണം. വായ്പ സ്വീകരിക്കുന്ന നിക്ഷേപകരും കമ്മിഷൻ നൽകേണ്ടവിധമാണ് ഒപ്പിടാനിരിക്കുന്ന കരാർ.

സൗരോർജം, കാറ്റ് തുടങ്ങിയ പുനരുപയോഗ സ്രോതസ്സുകളിൽനിന്ന് വൈദ്യുതി ഉത്പാദിപ്പിക്കാനും പമ്പ്ഡ് സ്റ്റോറേജ് നിലയങ്ങൾക്കും സ്വകാര്യമേഖലയിൽ നിന്ന് നിക്ഷേപം ക്ഷണിച്ച്, പദ്ധതി റിപ്പോർട്ട് തയ്യാറാക്കി, പദ്ധതികൾ യാഥാർത്ഥ്യമാക്കാനും എസ്.ബി.ഐ. ക്യാപ്സിനെ ചുമതലപ്പെടുത്താനാണ് തീരുമാനിച്ചത്. ഇതിനായി കമ്പനി കെ.എസ്.ഇ.ബി. ആസ്ഥാനത്തേയ്ക്ക് ആറുമാസത്തേയ്ക്ക് ഒരു ഉദ്യോഗസ്ഥനെ നിയോഗിക്കും. 30 ലക്ഷമാണ് ഇതിന് നൽകേണ്ടത്. മറ്റ് പ്രവർത്തനങ്ങൾക്ക് വിവിധ ഘട്ടങ്ങളിലായി 60 ലക്ഷവും നൽകണം.

### വായ്പയെടുക്കാനും ഫീസ്

കരാർ നേടുന്നവർ പദ്ധതി 30 മെഗാവാട്ടിന് മുകളിലാണെങ്കിൽ സക്സസ് ഫീ നൽകണം. 30 മുതൽ 50 മെഗാവാട്ടിന് മൂന്നരലക്ഷം നൽകണം. 50 മുതൽ 200 മെഗാവാട്ടുവരെ 1.75 കോടിയും ഓരോ മെഗാവാട്ടുവരെ ഒമ്പത്‌ലക്ഷം വീതവും നൽകണം. 200 മെഗാവാട്ടിന് മുകളിൽ നാലുകോടിയും മെഗാവാട്ടിന് മുക്കാൽ ലക്ഷവും വീതം നൽകണം. വായ്പയ്ക്ക് അപേക്ഷിക്കുമ്പോൾ പത്തുലക്ഷവും വായ്പ കിട്ടിയാൽ അതിന്റെ കാൽശതമാനവും വായ്പാക്രമീകരണ ഫീസായും നൽകണം.

കഴിഞ്ഞ 15 വർഷംകൊണ്ട് പദ്ധതികൾ ഇഴയുകയാണ്. 2030 -ൽ പതിനായിരം മെഗാവാട്ട് ഉത്പാദനം ലക്ഷ്യമിട്ടിട്ടുണ്ട്. ഈ സാഹചര്യത്തിൽ ഇതിനകം കണ്ടെത്തിയ പദ്ധതികളിലേയ്ക്ക് നിക്ഷേപകരെ കൊണ്ടുവരാനും നടപടികൾ വേഗത്തിലാക്കാനുമാണ് കൺസൾട്ടൻസിയെ നിയോഗിച്ചതെന്നാണ് കെ.എസ്.ഇ.ബിയുടെ വാദം.

വിദഗ്ധരായ ഉദ്യോഗസ്ഥരുള്ളപ്പോൾ പുറം കരാറിലൂടെ അഴിമതി നടത്താനാണ് ശ്രമമെന്ന് കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.ടി.യു.സി) സംസ്ഥാന വർക്കിങ് പ്രസിഡന്റ് സിബിക്കുട്ടി ഫ്രാൻസിസ് പറഞ്ഞു.

# കെ.എസ്.ഇ.ബിയിലെ പുറം കരാർ അഴിമതി അന്വേഷിക്കണം

തിരുവനന്തപുരം: കെ.എസ്.ഇ.ബിയിലെ വിവിധ പദ്ധതികളെക്കുറിച്ച് പഠിക്കാൻ പുറം കരാർ നൽകുന്നതിൽ വൻ അഴിമതിയുണ്ടെന്ന് കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.ടി.യു.സി) സംസ്ഥാന വർക്കിംഗ് പ്രസിഡന്റ് അഡ്വ. സിബികുട്ടി ഫ്രാൻസിസ് ആരോപിച്ചു. ഈ ഏജൻസി കെ.എസ്.ഇ.ബിക്ക് വായ്പ ഏർപ്പെടുത്തി തരുമ്പോൾ വായ്പയുടെ നിശ്ചിത ശതമാനം അവർക്ക് നൽകണമെന്നും ഏജൻസിയിലൂടെ കെ.എസ്.ഇ.ബിയിലേക്ക് നിയമനം നടത്തുമ്പോൾ അവർക്ക് വൻ ഫീസ് നൽകണമെന്നും കരാറിൽ പറഞ്ഞിട്ടുണ്ട്. ഇത് സമ്മതിക്കുന്നതിലൂടെ കെ.എസ്.ഇ.ബിക്ക് വൻ സാമ്പത്തിക ബാദ്ധ്യതയുണ്ടാകും.

വിദഗ്ധരായ നിരവധി ജീവനക്കാർ ബോർഡിലുള്ളപ്പോഴാണ് പുറം കരാർ നൽകുന്നത്. ഇതിനെതിരെ ശക്തമായി പ്രതിഷേധിക്കുമെന്നും വിഷയം വിജിലൻസ് അന്വേഷിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.

## വീക്ഷണം

# കെഎസ്ഇബിയിലെ പുറം കരാർ അഴിമതി അന്വേഷിക്കണം: ഐഎൻടിയുസി

തിരുവനന്തപുരം: കെഎസ്ഇബിയെ കുറിച്ചും വിവിധ പദ്ധതികളെ കുറിച്ചും പഠിക്കുന്നതിനുവേണ്ടി കൺസൽട്ടൻസിയെ വയ്ക്കുന്നത് വഴി കെഎസ്ഇബിക്ക് കോടികളുടെ ബാധ്യത ഉണ്ടാക്കാൻ പോകുകയാണെന്ന് കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐഎൻടിയുസി) സംസ്ഥാന വർക്കിങ് പ്രസിഡന്റ് സിബിക്കുട്ടി ഫ്രാൻസിസ്. കെഎസ്ഇബിയിൽ ഇപ്പോൾ നടക്കുന്ന നിരവധി ധൂർത്തിനും അഴിമതിക്കും ചുക്കാൻ പിടിക്കുന്നത് ഒരു ലോബിയുടെ നേതൃത്വത്തിലാണ്. വിവിധ പദ്ധതികളെ കുറിച്ച് പഠിക്കുന്നതിനു വേണ്ടിയെന്ന വ്യാജേന പുറം കരാർ നൽകുന്നതിൽ വൻ അഴിമതിയുണ്ടെന്നും ഇതിനെതിരെ ശക്തമായ പ്രതിഷേധം നടത്തുമെന്നും അദ്ദേഹം പറഞ്ഞു.

ഈ ഏജൻസി കെഎസ്ഇബിക്ക് വായ്പ ഏർപ്പെടുത്തി തരുമ്പോൾ വായ്പയുടെ ഒരു നിശ്ചിത ശതമാനം കുടി ഏജൻസിക്ക് നൽകണമെന്നും ഇങ്ങനെയുള്ള ഏജൻസിയിലൂടെ ആൾക്കാരെ കെഎസ്ഇബിയിലേക്ക് നിയമിക്കുമ്പോൾ അവർക്ക് വൻ ഫീസ് നൽകണമെന്നുമാണ് കരാറിൽ പറഞ്ഞിരിക്കുന്നത്. ഇത് സമ്മതിച്ച് കൊടുക്കുന്നതിലൂടെ കെഎസ്ഇബിയെ വിൽക്കുന്ന നടപടികളുമായാണ് അധികാരികൾ മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുന്നത്. കെഎസ്ഇബിയിൽ വിദഗ്ധരായിട്ടുള്ള വളരെയധികം ആൾക്കാർ ഉള്ളപ്പോഴാണ് പുറം കരാർ ഏജൻസിയെ നിർത്തി നിസാര കാര്യത്തിന് കോടികൾ നൽകി തൽപര കക്ഷികൾക്കുവേണ്ടി ഈ അഴിമതി നടത്തുന്നത്. ഈ പുറം കരാറിലെ അഴിമതി വിജിലൻസ് അന്വേഷിക്കണമെന്നും അദ്ദേഹം ആവശ്യപ്പെട്ടു.



മാധ്യമം
2025 ഫെബ്രുവരി 16 ഞായർ

# കെ.എസ്.ഇ.ബി പുറംകരാർ വിവാദത്തിൽ

തിരുവനന്തപുരം: കെ.എസ്.ഇ.ബിയെയും വിവിധ പദ്ധതികളെയും കുറിച്ച് പഠിക്കുന്നതിന് കൺസൽട്ടൻസിയെ നിയമിക്കുന്നത് വിവാദത്തിൽ. കൺസൽട്ടൻസി സംബന്ധിച്ച് കഴിഞ്ഞ മാസം 'മാധ്യമം' വാർത്ത പ്രസിദ്ധീകരിച്ചിരുന്നു. കൺസൽട്ടൻസി കരാറിൽ അഴിമതിയുണ്ടെന്നും ഇത് അന്വേഷിക്കണമെന്നും കേരള ഇലക്ട്രിസിറ്റി എംപ്ലോയീസ് കോൺഫെഡറേഷൻ (ഐ.എൻ.ടി.യു.സി) സംസ്ഥാന വർക്കിങ് പ്രസിഡൻറ് അഡ്വ. സിബിക്കുട്ടി ഫ്രാൻസിസ് ആവശ്യപ്പെട്ടു. കെ.എസ്.ഇ.ബിക്ക് കോടികളുടെ ബാധ്യത ഉണ്ടാക്കാൻ പോകുന്ന കരാറാണിത്. വിവിധ പദ്ധതികളെ കുറിച്ച് പഠിക്കുന്നതിനു വേണ്ടിയെന്ന വ്യാജേന പുറംകരാർ നൽകുന്നതിൽ വൻ അഴിമതിയുണ്ട്. ബോർഡിൽ നടക്കുന്ന ധൂർത്തിനും അഴിമതിക്കും ചുക്കാൻ പിടിക്കുന്നത് ഒരു ലോബിയാണ്. കെ.എസ്.ഇ.ബിയിൽ വിദഗ്ധരായ ജീവനക്കാരുള്ളപ്പോഴാണ് പുറംകരാർ ഏജൻസി കോടികൾ നൽകി അഴിമതി നടത്തുന്നതെന്നും കുറ്റപ്പെടുത്തി.